LIBRARY ARCHIVES Kerala Legislative Assembly

അക്ഷയ കേന്ദ്രങ്ങൾ

203(*T2405) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അക്ഷയ സംരംഭകർക്ക് കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് നൽകുന്നത്; ഇവയിൽ ഏതെല്ലാം സേവനങ്ങൾക്കുള്ള കുടിശ്ശികയാണുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ജനസമ്പർക്ക പരിപാടിക്ക് രജിസ്ട്രേഷൻ നടത്തിയ വകയിൽ അക്ഷയ സംരംഭകർക്ക്എത്ര യുക കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. അക്ഷയവഴി പ്രദാനം ചെയ്ത ജനസമ്പർക്ക പരിപാടിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി ഇനത്തിൽ സേവന നികുതി ഉൾപ്പെടെ 56,40,954 രൂപ (അൻപത്താറു ലക്ഷം നാൽപതിനായിരത്തി തൊള്ളായിരത്തി അൻപത്തിനാല് രൂപ) അക്ഷയ സംരംഭകർക്ക് നൽകുവാനുണ്ട്. വിൽപന നികുതി വകുപ്പിൽനിന്നും ഇ -ഫയലിംഗ് ചാർജ്ജിനത്തിൽ 23,41,940 രൂപയും (ഇരുപത്തിമൂന്ന് ലക്ഷം നാൽപ്പത്തൊന്നായിരത്തി തൊള്ളായിരത്തി നാൽപതു രൂപ) അക്ഷയ സംരംഭകർക്ക് കുടിശ്ശിക നൽകുവാനുണ്ട്. മേൽ പ്രതിപാദിച്ചിരിക്കുന്ന സേവനങ്ങൾക്ക് മാത്രമാണ് അക്ഷയ സംരംഭകർക്ക് അക്ഷയ സംസ്ഥാന ഓഫീസിൽനിന്ന് സർവ്വീസ് ചാർജ്ജ് ഇനത്തിൽ നൽകിവരുന്നത്. അക്ഷയ കേന്ദ്രങ്ങൾവഴി നൽകിവരുന്ന മറ്റ് പ്രധാനപ്പെട്ട സേവനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്